# GOVT. HSS PANDI
# P O Pandi, Kasaragod-671543, Kerala




സപ്ത ഭാഷകളുടെ സംഗമ ഭൂമിയായ കാസറഗോഡ് ജില്ലയിൽ അടവിയും,അരുവിയും അതിർത്തി പങ്കിടുന്ന ദേലംപാടി പഞ്ചായത്തിലെ അഡൂർ ഗ്രാമത്തിലെ പാണ്ടി പ്രദേശത്ത് ഐശ്വര്യത്തോടെ നിലകൊള്ളുന്ന ഒരു വിദ്യാലയമാണ് ഗവ.ഹൈസ്കൂൾ പാണ്ടി. പതിനൊന്നാം വാർഡിൽ നിലകൊള്ളുന്ന ഈ വിദ്യാലയത്തിൽ 500-ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. ഗവ.ലോവർ പ്രൈമറി സ്കൂൾ ഇടപ്പറമ്പ, മൾട്ടി ഗ്രേഡിംഗ് ലേണിംഗ് സെന്റർ മല്ലംപാറ, ഐ.സി.ഡി.എസ്സിന്റെ നിയന്ത്രണത്തിലുള്ള പാണ്ടി അംഗൻവാടി എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾക്കുള്ള ഏക ആശ്രയം ഈ സ്കൂളാണ്. മലയോര ഗ്രാമ മായതിനാൽ ഏറേയും കുട്ടികൾപാവപ്പെട്ട കുടുംബത്തിൽ നിന്നും വരുന്നവരാണ്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന സ്കൂളാണ് പാണ്ടി. എങ്കിലും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതസ്കൂളിന്റെ വികസന പ്രവർത്തനങ്ങളെ ഒരു പരിധിവരെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഈ സ്കൂളിലെഭൂരിഭാഗം കുട്ടികളും പട്ടികജാതി,പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണ്.അതിനാൽ കുട്ടികൾസാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു. അതുകൊണ്ടുതന്നെ അവർക്ക് പഠിക്കാനുള്ള അന്തരീക്ഷം വീടുകളിൽ നിന്നും വേണ്ടത്ര ലഭിക്കുന്നില്ല. ഈ പോരായ്മ പരിഹരിക്കുകയാണെങ്കിൽ നല്ലൊരു വിജയ പ്രതീക്ഷ നേടാൻ ഈ സ്കൂളിനു സാധിക്കും.

PANDI
P O PANDI, KASARAGOD-671543,
KERALA

സ്ഥാപിതം: 1929
ഫോൺ: 04994 270510
ഇമെയിൽ: 11031pandi@gmail.com
വെബ്സൈറ്റ്
Http://11031ghspandy.Blogspot.in
സ്കൂൾ കോഡ്: 11031 (സമേതം)
എച്ച് എസ് എസ് കോഡ്: 14101
യുഡൈസ് കോഡ്: 32010200812
വിക്കിഡാറ്റ: Q64398684
വിദ്യാഭ്യാസ ഭരണസംവിധാനം
റവന്യൂ ജില്ല
കാസർഗോഡ്
വിദ്യാഭ്യാസ ജില്ല
കാസർഗോഡ്
ഉപജില്ല
കുമ്പള
ബ്ലോക്ക് പഞ്ചായത്ത്
കാറഡ്ക
തദ്ദേശസ്വയംഭരണസ്ഥാപനം
ദേലംപാടി പഞ്ചായത്ത്
വാർഡ്: 11

*Little KITEs*
*School Magazine*

# INSIDE


അപ്പുവും അമ്മുവും

താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണ

കാക്കച്ചി പെണ്ണിന്റെ ബുദ്ധി

അലക്കടൽ

ജീവിക്കുണ്ട് സ്നേഹം

പാവം കുട്ടിയുടെ അമ്മ

പ്രതീക്ഷയെ കൈവിടരുതെ

കാണാതെ പോയ പൂച്ച

പാവം തത്തമ്മ

കുട്ടികളും ആനയും

മുത്തശ്ശിയുടെ തന്ത്രം

സുന്ദരിയായ ഗ്രാമം

ಬಾವಿಗೆ ಬಿದ್ದ ನರಿ

ತಿಂಗಳ ಕವನ

ಸಿಂಹ ಮತ್ತು ಇಲಿ

ಅಜ್ಜಿಯ ಮನೆ

ಪುಟ್ಟ ನವಿಲೇ

ಮಳೆ ಹನಿ

ಒಗಟುಗಳು

# അപ്പുവും അമ്മുവും

പണ്ട് പണ്ട് ഒരു സ്കൂളിൽ രണ്ട് കുട്ടികൾ ഉണ്ടായിരുന്നു. അവരുടെ പേരാണ് അപ്പുവും അമ്മുവും. അപ്പു ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയായിരുന്നു. എന്നാൽ അമ്മു ഒരു പണക്കാരുടെ മകളായിരുന്നു. അങ്ങനെ ഒരിക്കൽ അവർ രണ്ടുപേരും കളിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് അപ്പു തെന്നി വീണു. അവന്റെ ചങ്ങാതിയായ അമ്മു ഓടിവന്ന് അപ്പൂവി നെ എഴുന്നേൽപ്പിച്ചു. എന്നിട്ട് അപ്പുവിനോട് പറഞ്ഞു. സാരമില്ല നീ എന്തിനാ വിഷമിക്കുന്നത്. എന്റെ കൂടെ വാ. അപ്പോൾ അപ്പു ചോദിച്ചു എവിടെക്കാ. നീ വാ നിനക്ക് ഞാൻ മരുന്ന് വെച്ച് തരാം അമ്മു പറഞ്ഞു. ശരി വളരെ നന്ദിയുണ്ട് അമ്മു. ഈ ഉപകാരം ഞാൻ ഒരിക്കലും മറക്കില്ല. അങ്ങനെ അമ്മുവിന്റെ വീട്ടിലാണ് അപ്പു താമസിച്ചത്. അപ്പുവിന്റെ മുറിവ് ഉണങ്ങുന്നത് വരെ അമ്മു ഉറങ്ങിയതേയില്ല. പിറ്റേദിവസം അപ്പുവിന്റെ മുറിവ് ഉണങ്ങി. അവർ രണ്ടുപേരും ഒരുമിച്ച് സ്കൂളിൽ പോയി. അവരുടെ ക്ലാസ്സിൽ ടീച്ചർ വന്നു. ടീച്ചർ എല്ലാവരോടും ചോദ്യം ചോദിച്ചു. എല്ലാത്തിനും അപ്പുവും അമ്മുവും തന്നെ കൈ ഉയർത്തി. ടീച്ചർക്ക് അമ്മുവിനോടാണ് കൂടുതൽ സ്നേഹം. അങ്ങനെ ടീച്ചർ അമ്മുവിനോട് ചോദിച്ചു. അമ്മു തെറ്റുത്തരം പറഞ്ഞു. അങ്ങനെ ടീച്ചർ അപ്പുവിനോട് ചോദിച്ചു. അപ്പു ശരി ഉത്തരം പറഞ്ഞു. അങ്ങനെ ടീച്ചറും കുട്ടികളും അപ്പുവിനെ അഭിനന്ദിച്ചു. അങ്ങനെ ടീച്ചർക്ക് അപ്പുവിനോടും സ്നേഹം കൂടി.

കൂട്ടുകാരെ നിങ്ങൾക്കും ഇതേപോലെയുള്ള ചങ്ങാതിമാർ ഉണ്ടാകില്ലേ.

ഫാത്തിമത്ത് നസ്റിൻ 5A



## താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീണു

ഒരു കാട്ടിൽ രണ്ടു മുയൽ താമസിച്ചിരുന്നു. മിന്നു ചിന്നു എന്നാണ് അവരുടെ പേര്.അവർ നല്ല ചങ്ങാതിമാരായിരുന്നു.ഒരു ദിവസം മിന്നുവിനും ചിന്നുവിനും കൂടി ഒരു ക്യാരറ്റ് കിട്ടി രണ്ടുപേർക്കും കൂടി വീതിച്ചെടുക്കാമെന്ന് മിന്നു പറഞ്ഞു. പക്ഷേ ചിന്നു അതിന് സമ്മതിച്ചില്ല മുഴുവനും എനിക്ക് തന്നെ വേണം എന്ന് അവൾ വാശി പിടിച്ചു. മിന്നു പറഞ്ഞു എന്നാൽ നമുക്ക് ഒരു പന്തയം വച്ചാലോ? എന്തുകൊണ്ട് ചിന്നു ചോദിച്ചു അപ്പോൾ മിന്നു പറഞ്ഞു ഭാരമുള്ള സഞ്ചിയും കൊണ്ട് ആരാണ് വേഗത്തിൽ പോകുന്നത്,അവർക്ക് ഈ ക്യാരറ്റ് കിട്ടും രണ്ടുപേരുടെയും സഞ്ചിയിൽ ഉപ്പ് നിറയ്ക്കാൻ  മിന്നു പറഞ്ഞു. എന്നിട്ട് മിന്നു അതിൽ പഞ്ഞി നിറച്ചു. പാവം ചിന്നു അത് കണ്ടില്ല. അവൾ അതിൽ ഉപ്പ് നിറച്ചു. അങ്ങനെ മത്സരം ആരംഭിച്ചു. അപ്പോഴൊക്കെ മിന്നു മുയലായിരുന്നു മുന്നിൽ സഞ്ചരിച്ചത്. കുറച്ചു കഴിഞ്ഞപ്പോൾ മഴ വന്നു. മിന്നുവിന്റെ സഞ്ചിയിൽ പഞ്ഞി ആയതുകൊണ്ട് മഴത്തുള്ളികൾ വീണ് ഭാരം കൂടി. എന്നാൽ ചിന്നുവിന്റെ സഞ്ചിയിൽ ഉപ്പ് ആയതുകൊണ്ട് മഴത്തുള്ളികൾ കൊണ്ട് അലിഞ്ഞു. അങ്ങനെ ചിന്നുമുതൽ മുന്നിലായി പന്തയത്തിൽ ചിന്നുമുതൽ ജയിച്ചു.

ചിന്നുവിന് ക്യാരറ്റും കിട്ടി.

ഗുണപാഠം:മറ്റുള്ളവരെ ചതിച്ചുകൊണ്ട് നമുക്ക് വിജയിക്കാൻ സാധിക്കില്ല. എപ്പോഴും സത്യം മാത്രമേ വിജയിക്കുകയുള്ളൂ

ശിവ കെ എൻ 5A

## കാക്കച്ചി പെണ്ണിന്റെ ബുദ്ധി

വസന്ത ഗ്രാമത്തിൽ മീനു എന്നു പറയുന്ന ഒരു കാക്കച്ചി ഉണ്ടായിരുന്നു. അതിബുദ്ധി മതിയായിരുന്നു അവൾ. ഗ്രാമം മുഴുവൻ ചുറ്റിക്കറങ്ങുക എന്നതായിരുന്നു അവൾക്ക് ഇഷ്ടം. മാത്രമല്ല അവിടെയുള്ള മുക്കും മൂലയിലും ഉള്ള ചപ്പും ചവറുകളും കൊത്തിപെറുക്കുക എന്നതും കൂടിയാണ് അവളുടെ പ്രധാന ലക്ഷ്യം. ചുറ്റിക്കറങ്ങുന്ന ഇടയിൽ അവൾക്ക് വല്ലാത്ത ദാഹം അനുഭവപ്പെട്ടു. അവൾ വെള്ളത്തിനായി പുറപ്പെട്ടു. അന്വേഷിച്ച് അവസാനം അവൾ മരച്ചുവട്ടിൽ ഒരു കുടം കണ്ടു. അവൾ ദാഹം മാറ്റാൻ കുടത്തിനരികിലേക്ക് പറന്നെത്തി. അതിൽ പാതി വെള്ളമേ ഉണ്ടായിരുന്നുള്ളൂ. എങ്ങനെയെങ്കിലും വെള്ളം കുടിക്കണം, ഇത് കാലം വേറെയാ, നമ്മുടെ മുത്തശ്ശിയുടെ പോലെ കുടത്തിൽ കല്ലിട്ട് വെള്ളം കുടിക്കാൻ ഒന്നും നമ്മളെ കൊണ്ട് വയ്യ. അവൾക്കൊരു ബുദ്ധി തോന്നി. ബേക്കറിക്ക് മുന്നിൽ കിടന്നിരുന്ന സ്ട്രോ കൊത്തിയെടുത്ത് അവൾ കുടത്തിനടുത്ത് എത്തി. അവൾ കുടത്തിൽ സ്ട്രോ വച്ച് സാവധാനം വെള്ളം കുടിച്ചു. പഴഞ്ചൻ വിദ്യകൾക്കൊന്നും കാര്യമില്ല എന്ന് മനസ്സിൽ വിചാരിച്ചുകൊണ്ട് അവൾ പറന്നു പോയി.

അനന്യ പി വി 5A

## അലക്കടൽ

വെള്ളി കൊലുസണിഞ്ഞ്
എന്നിലേക്ക് ഓടി വന്നു നീ
എന്നിളംകൈ മെല്ലെ നിന്നെ
പുൽകാൻ നേരം
പിതിരിഞ്ഞു പോയി നീ
വീണ്ടും ആർത്തലച്ച് വന്നു
നീ....

എന്നുള്ളിൽ മോഹം പൂത്തുലഞ്ഞു
എൻ പിഞ്ചു കയ്യിൽ
നിന്നെ വാരിപ്പുണരാൻ...
എൻ മാനസം അറിയാതെ
നീ....

വീണ്ടും തിരിഞ്ഞു പോയി...
കാത്തിരിക്കുന്നു വീണ്ടും
ഏകാകിയായി ഞാൻ
തലോടലിനായി...

ആദിലക്ഷ്മി പി കെ 5A

## ജീവിക്കുണ്ട് സ്നേഹം

പണ്ട് പണ്ട് ഒരു നാട്ടിൽ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ പേര് ചിന്നു എന്നായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ സ്കൂളിൽ നിന്നും തിരിച്ചുവന്ന് കാട്ടിൽ വിറകുപെറുക്കാൻ പോയി. അങ്ങനെ വിറക് പെറുക്കി കൊണ്ടിരിക്കുമ്പോൾ അലറി വിളിച്ചു. 'അയ്യോ രക്ഷിക്കണേ രക്ഷിക്കണേ'.ആ വിളി ആരും കേട്ടില്ല പുല്ലുകൾക്കിടയിൽ ഒരു വലിയ കടുവ ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. ഇന്നത്തെക്കുള്ള ഭക്ഷണം ആയി കടുവ പറഞ്ഞു. 'അയ്യോ എന്നെ കൊല്ലല്ലേ എനിക്ക് പകരം ഞാൻ വേറെ എന്തെങ്കിലും നിനക്ക് തരാം'. എന്ന് ചിന്നു ഉറക്കനെ വിളിച്ചു പറഞ്ഞു എന്നാൽ ശരി നിനക്ക് പിറക്കാൻ പോകുന്ന കുഞ്ഞിനെ തരണം എന്ന് കടുവ പറഞ്ഞു. അങ്ങനെ വർഷങ്ങൾക്ക് ശേഷം ചിന്നുവിന്റെ കല്യാണം കഴിഞ്ഞു. ചിന്നുവിന് ഒരു കുഞ്ഞു പിറന്നു. ഒരു ദിവസം ചിന്നു കുളിക്കാൻ പോയപ്പോൾ, കുഞ്ഞിനെ കാണാതായി. അവള് ഒരുപാട് കുഞ്ഞിനെ അന്വേഷിച്ചു. പുറത്തേക്ക് ഇറങ്ങി നോക്കിയപ്പോൾ ഒരു കടുവ. അവൾ ആദ്യം ഭയപ്പെട്ടു. തന്റെ കുഞ്ഞിനെ കടുവ എന്തെങ്കിലും ചെയ്തു എന്ന് കരുതി. എന്നാൽ ആ കുഞ്ഞിനെ നിറയെ സമ്മാനങ്ങളുമായാണ് കടുവ വന്നത്. കുഞ്ഞിനെ തിരിച്ചു കൊടുത്തു. ചിന്നു കടുവയോട് നന്ദി പറഞ്ഞു പിന്നീട് അവർ നല്ല സുഹൃത്തുക്കളായ.

ശിവന്യ 5A

## പാവം കുട്ടിയുടെ അമ്മ

പണ്ട് പണ്ട് ഒരു നാട്ടിൽ രാമു എന്ന ഒരു കുട്ടിയും അമൽ എന്ന മറ്റൊരു കുട്ടിയും ഉണ്ടായിരുന്നു. അമലും അവന്റെ അമ്മയും കാശ് ഉള്ളവരായിരുന്നു. പക്ഷേ രാമുവും അവന്റെ അമ്മയും ദാരിദ്രരായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അമലും രാമുവും കളിക്കാൻ പോയി. അവർ അങ്ങനെ കുറെ നേരം കളിച്ചു. പെട്ടെന്ന് അമൽ രാമുവിനോട് പറഞ്ഞു 'രാമു ഞാൻ വീട്ടിലേക്ക് പോവുകയാണ്". 'അതെന്താ അമൽ ' രാമു ചോദിച്ചു. 'അത് എന്റെ അമ്മ എന്നെ മാർക്കറ്റിൽ കൊണ്ടുപോകാം എന്ന് പറഞ്ഞിരുന്നു. അവിടെനിന്ന് എനിക്ക് ഐസ്ക്രീം വാങ്ങിത്തരാം എന്ന് പറഞ്ഞിരുന്നു'. അമൽ പറഞ്ഞു.' അപ്പോ നീ പൊയ്ക്കോ'. രാമു വീട്ടിലേക്ക് ഓടി. 'എന്താ മോനെ നിന്റെ മുഖം വാടിരിക്കുന്നത് 'രാമുന്റെ അമ്മ ചോദിച്ചു. അമലിന്റെ അമ്മ അവനെ ഐസ്ക്രീം മേടിച്ചു കൊടുക്കാം എന്ന് പറഞ്ഞു. എനിക്കും വേണം അമ്മ ഐസ്ക്രീം രാമു പറഞ്ഞു. അയ്യോ മോനെ നമ്മുടെ കയ്യിൽ കാശില്ലല്ലോ പിന്നെങ്ങനെ വാങ്ങും. അമ്മ ചോദിച്ചു. രാമുന്റെ അമ്മ വൃക്ഷദേ വന്റെ അടുത്തേക്ക് പോയി. വൃക്ഷദേവ ഞാൻ എങ്ങനെയാണ് എന്റെ മകന് ഐസ്ക്രീം വാങ്ങിച്ചു കൊടുക്കുക. അവരുടെ മുന്നിൽ വൃക്ഷദേവൻ പ്രത്യക്ഷപെട്ട്. നീ വിഷമിക്കണ്ട നിനക്ക് ഞാൻ കുറച്ചു വിത്തുകൾ തരാം. വളർന്ന് ഐസ്ക്രീം ആകുമ്പോൾ നിന്റെ മകന് കൊടുക്കുക. നിങ്ങൾ പറഞ്ഞത് സത്യമാണോ. അതേ മകളെ. രാമുവിന്റെ അമ്മ ആ വിത്ത് നട്ടു. എന്നിട്ട് രാത്രി മുഴവൻ ഇരുന്ന് ആലോചിച്ചു. ആ ചെടിയിൽ ഐസ്ക്രീം ഉണ്ടാകുമ്പോൾ അത് വിറ്റ് ഞാൻ വലിയ കാശ് കാരിയാവും.പിറ്റേദിവസം രാവിലെയായി രാമുവിന്റെ  അമ്മ നോക്കി. ആ ചെടിയിൽ ഐസ്ക്രീമിന് പകരം മുള്ളാണ് അവർ കണ്ടത്.  ദേഷ്യം കാരണം അവർ വൃക്ഷദേവന്റെ അടുക്കൽ ചെന്ന് ഉറക്കെ വിളിച്ചു, വൃക്ഷദേവാ.. വൃക്ഷദേവൻ അവളുടെ മുന്നിൽ പ്രത്യക്ഷപെട്ടു. അവൾ പറഞ്ഞു നിങ്ങളെന്നെ ചതിച്ചതാണ് അല്ലേ. അല്ല മോളെ ഞാൻ നിന്നെ ചതിച്ചു ഒന്നുമല്ല. നീ എന്തിനാണ് എന്റെ അടുത്തുനിന്നും വിത്ത് വാങ്ങിച്ചത്. നിങ്ങൾ എന്താ ഒന്നും അറിയാത്തത് പോലെ നിൽക്കുന്നത്
ഞാനെന്റെ മകന്റെ ആശ തീർക്കാൻ അല്ലേ നിങ്ങളുടെ അടുത്തുനിന്നും വിത്ത് വാങ്ങിച്ചത്. എന്നിട്ട് നീ രാത്രി മുഴവൻ ചിന്തിച്ചത് എന്താ. നീയത് വിറ്റ് കാശ് ഉണ്ടാക്കും എന്നല്ലേ. അതുകൊണ്ടാണ് അതിൽ ഐസ്ക്രീം വിളയാത്തത്. വൃക്ഷദേവാ..എനിക്ക് എന്റെ തെറ്റ് മനസ്സിലായി. ഞാൻ എന്റെ മകന്റെ ആശ തീർക്കേണ്ടതിനു പകരം  അത് വിറ്റ് കാശുണ്ടാക്കാൻ ആണ് നോക്കിയത്. വീണ്ടും കുറച്ച് വിത്തുകൾ തരുമോ. വൃക്ഷദേവൻ അവൾക്ക് വീണ്ടും കുറച്ച് വിത്തുകൾ കൂടി നൽകി. അവൾ അത് നട്ട് എന്നിട്ട് സുഖമായി കിടന്നുറങ്ങി. രാവിലെ നോക്കിയപ്പോൾ എല്ലാ ചെടിയിലും ഐസ്ക്രീം ഉണ്ട്. അവളത് അവളുടെ മകന് കൊടുത്തു. മറ്റ് എല്ലാവർക്കും കൊടുത്തു. എല്ലാവരും സുഖമായി ഐസ്ക്രീം സന്തോഷത്തോടെ കഴിച്ചു.

ഈ കഥയിൽ നിന്ന് നമ്മൾ മനസ്സിലാക്കേണ്ടത് അത്യാഗ്രഹം ഒരിക്കലും പാടുള്ളതല്ല.

അഹല്യ വി 5A

## പ്രതീക്ഷയെ കൈവിടരുതെ

പണ്ടു പണ്ടൊരു ഗ്രാമത്തിൽ ഒരു പാവപ്പെട്ട കർഷകൻ ഉണ്ടായിരുന്നു. അദ്ദേഹവും ഭാര്യയും ഒരു മകനുമായിരുന്നു അവരുടെ വീട്ടിൽ താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ പേര് മോഹൻ എന്നായിരുന്നു.  മോഹൻ നല്ല കഠിനാദ്ധ്വാനിയാണ്. പക്ഷേ അയാളുടെ മകന് നല്ല വാശിയായിരുന്നു. അവൻ എന്താവശ്യപ്പെട്ടാലും അത് ചെയ്തു കൊടുക്കണം. ഇക്കാര്യം അച്ഛനമ്മമാരായ മോഹനെയും ശ്രീജയെയും നല്ലവണ്ണം വിഷമിപ്പിച്ചു. അങ്ങനെ ഒരു ദിവസം അവൻ സ്കൂൾ വിട്ടു വരുമ്പോൾ മിലിട്ടറിയിൽ പഠിക്കുന്ന തന്റെ പഴയ സുഹൃത്തിനെ കാണാനിടയായി. സുഹൃത്തിന്റെ മിലിട്ടറി പഠനങ്ങൾ കേൾക്കുമ്പോൾ രാമുവിന് അസൂയ തോന്നി. അവൻ വേഗം വീട്ടിലേക്ക് പോയി. അപ്പോൾ മോഹനും ശ്രീജയും പാടത്ത് കൃഷി ചെയ്യുകയായിരുന്നു. അത് കണ്ടപ്പോൾ രാമുവിന് കൂടുതൽ ദേഷ്യം വന്നു. അവൻ പാടത്ത് പണിയെടുക്കുന്ന അച്ഛന്റെയും അമ്മയുടെയും അടുക്കലേക്ക് ഓടിപ്പോയി. എന്നിട്ട് കനപ്പിച്ചു പറഞ്ഞു എന്നെയും മിലിട്ടറി യിലേക്ക് ചേർക്കണം. മകന്റെ ഇങ്ങനെയുള്ള ആവശ്യം കേട്ട മോഹൻ സ്തംഭിച്ചു നിന്നുപോയി. പെട്ടെന്നുള്ള ഈ ആവശ്യം എന്തിനാണെന്ന് ചോദിച്ചപ്പോൾ അവൻ പറഞ്ഞു എന്റെ പഴയ സുഹൃത്ത് അജിത്ത് മിലിട്ടറിയിൽ ആണ് പഠിക്കുന്നത്. അതുകൊണ്ട് എന്നെയും മിലിട്ടറിയിലേക്ക് ചേർക്കണം. വേറെ ഒന്നും പറയാൻ കഴിയാതെ മോഹൻ സമ്മതിച്ചു. അന്ന് രാത്രി മോഹന്റെ ചിന്ത മകന്റെ മിലിട്ടറി പഠനത്തിനുള്ള ചിലവിനെപ്പറ്റി ആയിരുന്നു. അന്ന് മോഹൻ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു. അദ്ദേഹം സൂര്യനുദിക്കുന്നതിന് തൊട്ടുമുമ്പ് തന്നെ ഉണർന്ന് പ്രഭാതകൃത്യങ്ങൾ ചെയ്ത് പാടത്തിലേക്ക് ഇറങ്ങി. ജോലി ചെയ്യാൻ ആരംഭിച്ചു. ഊണും ഉറക്കവുമില്ലാതെ ജോലി ചെയ്തു. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. വിളവെടുപ്പ്  കാലമായി. ഇത്തവണ അദ്ദേഹത്തിന് സാധാരണയേക്കാൾ ഇരട്ടി ഫലം ലഭിച്ചു. അതുവിറ്റ് അദ്ദേഹത്തിന് നല്ലൊരു വരുമാനം ഉണ്ടാക്കാൻ സാധിച്ചു. ആ പണം ഉപയോഗിച്ച് അദ്ദേഹം മകന്റെ ആവശ്യം   നിറവേറ്റി കൊടുത്തു. അച്ഛൻ ജോലി ചെയ്ത് കഷ്ടപ്പെടുന്നത് കണ്ട് രാമുവിന്റെ വാശി മാറിയിരുന്നു. ഇതുവരെ താൻ ചെയ്ത തെറ്റുകൾ ഓർത്ത് അവൻ ഖേദിച്ചു. അവൻ നല്ലവണ്ണം പരിശ്രമിച്ച് ആർമിയിലെ നല്ലൊരു ഉദ്യോഗസ്ഥനായി മാറി. ഇത് കണ്ട് കർഷകന് അതിയായ സന്തോഷം തോന്നി.

ഗുണപാഠം: പ്രതീക്ഷ കൈവിടാതെ മുറുകെ പിടിക്കുക.

സന ഫാത്തിമ  7A

കാണാതെ പോയ പൂച്ച

പണ്ട് പണ്ടൊരു ഗ്രാമത്തിൽ ഒരു കുഞ്ഞുവീട്ടിൽ രാമനും രമയും അവരുടെ മകൻ കൃഷ്ണനും താമസിച്ചിരുന്നു. അവർ ചെറിയ കുടുംബമാണ്. അവർക്ക് നെൽപ്പാടവും മാമ്പഴത്തോട്ടവും ഉണ്ട്. അവരുടെ ജോലി നെൽകൃഷിയാണ്. അവരുടെ കൂടെ വയലിലേക്ക് കൃഷ്ണനും വരും. കൃഷ്ണന് മാമ്പഴം കഴിക്കാൻ വളരെ ഇഷ്ടമാണ്. അവൻ മരത്തിൽ കയറി മാമ്പഴം മൂന്നുപേർക്കായി പറിക്കും. അവർ പണിയെടുത്ത് ക്ഷീണിക്കുമ്പോൾ നല്ല മധുരമുള്ള മാമ്പഴം കഴിക്കും. കൃഷ്ണൻ കൃഷി ചെയ്ത് കിട്ടിയ നെല്ലെല്ലാം എടുത്ത് മാർക്കറ്റിൽ കൊണ്ടുപോയി വിൽക്കും. അതിൽ കിട്ടിയ കാശെല്ലാം അവന്റെ പോക്കറ്റിൽ വച്ച്, കുറച്ച കാശ് സാധനങ്ങൾ വാങ്ങിക്കാൻ എടുക്കും. സാധനങ്ങൾ കൊണ്ട് തിരിച്ച വരുമ്പോൾ ഒരു പൂച്ചക്കുട്ടിയെ കണ്ടു. കൃഷ്ണന് പൂച്ചയെ കാണുമ്പോൾ സങ്കടം തോന്നി. അതിനെ കയ്യിലെടുത്ത് അതിനോട് സംസാരിച്ചുകൊണ്ടിരുന്നു. വരുന്ന വഴിയിൽ ഒരു കടയിൽ നിന്നും പാൽ വാങ്ങിച്ചു. കുറച്ച നടന്നപ്പോൾ വീട് എത്തി. അവനെ കാത്ത് മുറ്റത്ത് അവന്റെ അമ്മ ഉണ്ടായിരുന്നു. അവൻ അമ്മയോട് പറഞ്ഞു, 'അമ്മേ എനിക്കൊരു പൂച്ചക്കുട്ടിയെ കിട്ടി'. അമ്മ ചോദിച്ച 'എവിടുന്ന കിട്ടി?' 'വരുന്ന വഴിയിൽ നിന്ന് കിട്ടി അമ്മേ' എന്ന് പറഞ്ഞു. അവൻ അതിന് പാൽ കൊടുത്തു. അങ്ങനെ കുറേ ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം ഉറങ്ങി എഴുന്നേറ്റപ്പോൾ അവന്റെ ചങ്ങാതിയായ പൂച്ചയെ കാണാനില്ല. അവൻ സങ്കടപ്പെട്ടു. കരഞ്ഞു കരഞ്ഞു ദിവസം കഴിഞ്ഞതേ അവൻ അറിഞ്ഞില്ല. ആ പൂച്ചക്കുട്ടിയേയും ഒടുവിൽ അവൻ മറന്നു പോയി.

ആയിഷത്ത്ഐഫ 7A

പാവം തത്തമ്മ

ഒരു വീട്ടിൽ ഒരു തത്തയുണ്ടായിരുന്നു. അത് വീടിന്റെ മുറ്റത്തു വീണു കിടന്ന ഒരു പേരക്ക തിന്നുകയായിരുന്നു. അതിനെ പിടിച്ചവർ കൂട്ടിലിട്ടു. അതിന്റെ പേര് കിങ്ങിണി എന്നായിരുന്നു. പിന്നെ അതിന് ഭക്ഷണമൊക്കെ കൊടുത്തു. നാലുദിവസം കൂട്ടിൽ കിടന്നു, അഞ്ചാം ദിവസം അതിനെ തുറന്നു വിട്ടു. വൈകുന്നേരം ആയപ്പോൾ തത്ത തിരിച്ചുവന്നു. പിറ്റേ ദിവസവും തുറന്നു വിട്ടു. വീണ്ടും തത്ത വന്നു. അങ്ങനെ ഒരു ദിവസം തത്തയെ തുറന്നു വിട്ടിട്ട് അവർ അവരുടെ ബന്ധുവിന്റെ കല്യാണത്തിന് പോയി. തിരിച്ചു വരുമ്പോൾ തത്ത കൂട്ടിൽ ഉണ്ടായിരുന്നു. എന്നിട്ട് അത് കൂട്ടിൽ നിന്ന് പുറത്തിറങ്ങി. അപ്പോൾ പിറകിൽ നിന്ന് ഒരു പൂച്ച വന്നു. കൂട്ടിൽ നിന്ന് തത്ത പറക്കാൻ തുടങ്ങിയതും പൂച്ച പിറകെ ചാടി അതിനെ പിടിച്ചുകൊണ്ട് താഴേക്ക് പോയി. ഒരു വീട്ടിൽ നിന്ന് അതിനെ തിന്നു. എന്നിട്ട് പൂച്ച വീട്ടിൽ തിരിച്ചുവന്നു. അതിന്റെ സങ്കടത്തിൽ അവർ പൂച്ചയെ ഓടിച്ചു വിട്ടു.

ഹൻസിക ഹരീഷ് 7A

## കുട്ടികളും ആനയും

മൂന്ന് കുട്ടികൾ സ്കൂൾ വിട്ടു വരികയായിരുന്നു. അപ്പോൾ കുറച്ചു ദൂരെ നിന്ന് ഒരു ആനയുടെ ശബ്ദം കേട്ടു. അപ്പോൾ  ആ വഴിയിൽ കൂടി ഒരു പോസ്റ്റുമാൻ വരുന്നുണ്ടായിരുന്നു. അപ്പോൾ കുട്ടികൾ പോസ്റ്റ്മാനോട് പോയി പറഞ്ഞു “അങ്കിൾ ഞങ്ങൾ വരുമ്പോൾ ഒരു ആനയുടെ ഒച്ച കേട്ടു". അപ്പോൾ പോസ്റ്റ്മാൻ പറഞ്ഞു, “ഓ! അത് അതിന്റെ പാട്ടിനു പോകട്ടെ,നിങ്ങൾ വേഗം വീട്ടിലേക്ക് ചെല്ലൂ". അപ്പോൾ ഒരു പെൺകുട്ടി പറഞ്ഞു “ഇല്ല അങ്കിൾ അതിന് എന്തോ ആപത്ത് വന്നിട്ടുണ്ടെന്ന് തോന്നുന്നു ഇല്ലെങ്കിൽ അത് ഇങ്ങനെ കരയുമോ". അപ്പോഴും ആന കരഞ്ഞു കൊണ്ടേയിരുന്നു. അങ്ങനെ പോസ്റ്റുമാൻ അങ്ങോട്ട് മെല്ലെ ചെന്ന് നോക്കി. ദൂരെ നിന്നാണ് നോക്കിയത്. നോക്കുമ്പോൾ ആ ആനയുടെ കുഞ്ഞ് ചെളിയിൽ വീണു കരയുന്നു. അമ്മ ആന എത്ര ശ്രമിച്ചിട്ടും കുട്ടിയെ ചെളിയിൽ നിന്ന് എടുക്കാൻ കഴിയുന്നില്ല. അങ്ങനെ പോസ്റ്റുമാൻ ഫോറസ്റ്റ് ഓഫീസറിനെ വിളിച്ചു. അവർ വന്ന് ആനക്കുട്ടിയെ രക്ഷിച്ചു. വലിയ ആനക്കും കുട്ടികൾക്കും സന്തോഷമായി.അവർ വീട്ടിലേക്ക് സന്തോഷത്തോടെ തിരിച്ചു പോയി.

പ്രിയദർശിനി പി.കെ 7A

## മുത്തശ്ശിയുടെ തന്ത്രം

ഒരിടത്ത് ഒരു മുത്തശ്ശി താമസിച്ചിരുന്നു. മുത്തശ്ശി വീട്ടിൽ തനിച്ചായിരുന്നു. മുത്തശ്ശിക്ക് മൃഗങ്ങളോടും പക്ഷികളോടും ഭയങ്കര ഇഷ്ടമായിരുന്നു. മുത്തശ്ശിയുടെ വീട്ടിൽ കുറേ കോഴിക്കുഞ്ഞുങ്ങളെ വളർത്തിയിരുന്നു. കോഴിക്കുഞ്ഞുങ്ങളോട് എപ്പോഴും മുത്തശ്ശി കുശലം പറയുമായിരുന്നു. അങ്ങനെ ഒരു സൂത്രശാലിയായ കുറുക്കൻ അതുവഴി വന്നു. കുറുക്കൻ മുത്തശ്ശിയോട് ചോദിച്ചു, "മുത്തശ്ശീ.. മുത്തശ്ശീ.. ആ കോഴിക്കുഞ്ഞുങ്ങളിൽ ഒരെണ്ണം എനിക്ക് തരുമോ?.. "എന്തിനാ നിനക്ക് വിശപ്പകറ്റാൻ ആണോ?" മുത്തശ്ശി ചോദിച്ചു. "അല്ല എനിക്ക് വളർത്താനാ".
"അങ്ങനെ കോഴിക്കുഞ്ഞുങ്ങളെ തരില്ല," കുറുക്കനു ദേഷ്യം വന്നു. കുറുക്കൻ രാത്രി കോഴിക്കുഞ്ഞുങ്ങളെ തേടി വന്നു. മുത്തശ്ശി നല്ല ഉറക്കത്തിലാണ്. "ഇതാണ് പറ്റിയ സമയം" കുറുക്കൻ കോഴിക്കൂട്ടിൽ കയറി ഒരു കോഴിയെ തട്ടി. രാവിലെ എഴുന്നേൽക്കുമ്പോൾ ഒരു കോഴിയെ കാണാനില്ല. മുത്തശ്ശിക്കു സങ്കടമായി. പിറ്റേന്നും കുറുക്കൻ കോഴിയെ പിടിക്കാൻ വന്നു. മുത്തശ്ശി അതിനു ചുറ്റും കറണ്ട് കൊടുത്തിട്ടുണ്ടായിരുന്നു. കുറുക്കൻ വന്ന് അതിൽ പിടിച്ചതും ഷോക്കേറ്റ് വീണുപോയി. അങ്ങനെ അത് ജീവനും കൊണ്ടോടി.

ശിവന്യ മോൾ ബി എസ്  7A

## സുന്ദരിയായ ഗ്രാമം

നേരം പുലർന്നു
പക്ഷികൾ കൂടുവിട്ട് ഇറങ്ങി
സുന്ദരിയായ എന്റെ ഗ്രാമം ഉണർന്നു
തോട്ടിൽ സൂര്യൻ തിളങ്ങി
തോട് എത്തിനോക്കി
സൂര്യൻ തോടിനെ ചുംബിച്ചു
നെൽപ്പാടങ്ങളിലെ നെൽക്കതിരുകൾ
അതിൽ തിളങ്ങുന്ന സൂര്യൻ കിളികളുടെ ചിറകടി ശബ്ദം
മനസ്സ് സംഗീതത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു
ഇളംകാറ്റിൽ ആടി കളിക്കുന്ന തെങ്ങുകൾ
പൂവുകളിൽ പാറിക്കളിക്കുന്ന പൂമ്പാറ്റ-
തേനിന്റെ മധുരം ആസ്വദിക്കുന്നു
ഇലകൾ കാറ്റിനാൽ കൊഴിഞ്ഞു പോകുന്നു
അതിസുന്ദരിയായ ഗ്രാമമാണ് എന്റേത്
പെറു ഗ്രാമമാണ് എന്റേത്

ശില്പ ചന്ദ്രൻ 7A

## ಬಾವಿಗೆ ಬಿದ್ದ ನರಿ

ಒಂದು ದಿನ ಒಂದು ನರಿಗೆ ತುಂಬಾ ಬಾಯಾರಿಕಯಾಗಿತ್ತು.
ಅದು ಹಳ್ಳಿಯ ಹೊರಗಿದ್ದ ಒಂದು ಬಾವಿ ಬಳಿ ಹೋಯಿತು. ಬಾವಿಯ ಕೋಳಿನಲ್ಲಿ ಒಂದು ಹಗ್ಗ ಕಟ್ಟಿತ್ತು. ಹಗ್ಗದ ಎರಡು ಕೊನೆಗಳಲ್ಲಿ ಒಂದೊಂದು ಬಕೆಟ್ ಕಟ್ಟಲಾಗಿತ್ತು. ಒಂದು ಬಕೆಟ್ ಬಾವಿಯ ಕಟ್ಟೆಯ ಮೇಲಿತ್ತು. ಇನ್ನೊಂದು ಬಕೆಟ್ ನೀರಿನಲ್ಲಿತು. ನರಿ ಬಕೆಟಿನ ಬಳಿಗೆ ಹಾರಿ ಕುಳಿತಿತು. ಬಕೇಟು ಸರ್ರನೆ ಜಾರಿ ನೀರಿಗೆ ಹೋಯಿತು. ಇನ್ನೊಂದು ಬಕೇಟು ಮೇಲೆಕೇರಿತು. ನರಿ ಹೊಟ್ಟೆತುಂಬ ನೀರು ಕುಡಿಯುತ್ತು. ಬಾಯಾರಿಕೆ ತೀರಿದ ಬಳಿಕ ಬಾವಿಯಿಂದ ಮೇಲೆ ಹೇಗೆ ಹೋಗುದೆಂದು ಚಿಂತಿಸಲು ಆರಂಭಿಸಿತು. ತುಸು ಹೊತ್ತಿನ ಬಳಿಕ ಆ ದಾರಿಯ ಮೂಲಕ ಬಾವಿಯ ಹತ್ತಿರ ಒಂದು ತೋಳ ಅಲ್ಲಿಗೆ ಬಂತು. ಬಾವಿಯೊಳಗಿದ್ದ ನರಿಯನ್ನು ನೋಡಿ ‘ನೀನು ಅಲ್ಲೇನು ಮಾಡುತ್ತಿದ್ದೀಯಾ?‘ ಎಂದು ಅದು ಕುತೂಹಲದಿಂದ ಕೇಳಿತು. ‘ ಇದು ಸ್ವರ್ಗ ಗೊತ್ತಾ?.. ಇಲ್ಲಿ ನೂರಾರು ಕೋಳಿ ಮರಿಗಳಿವೆ. ತಿಂದು ತಿಂದು ಸಾಕಾಯಿತು‘ ಎಂದು ಬಾಯಿ ಚಪ್ಪರಿಸುತ್ತಾ ಹೇಳಿ ತೋಳಕ್ಕೆ ಆಸೆ ಹುಟ್ಟಿಸಿತು.‘ ನಾನು ಕೂಡ ಅಲ್ಲಿಗೆ ಬರಲೇ ‘ ಎಂದು ತೋಳ ಕೇಳಿತು. ‘ ಖಂಡಿತ ಬಾ.. ಆ ಬಕೆಟಿನಲ್ಲಿ ಕುಳಿತುಕೋ.. ತನ್ನಿಂದ ತಾನೇ ಇಲ್ಲಿಗೆ ಬರುತ್ತಿ..‘. ಎಂದಿತು ನರಿ. ತೋಳ ಬಕೇಟಿಗೆ ಹಾರಿ ಕುಳಿತಿತು. ಅದರ ಭಾರಕ್ಕೆ ಬಕೇಟು ಕೆಳಗೆ ಬಂತು. ನರಿ ಕುಳಿತಿದ್ದ ಬಕೇಟು ಮೇಲಕ್ಕೆ ಏರಿತು. ಅವೆರಡು ಒಂದಕ್ಕೊಂದು ಎದುರಾದಾಗ ತೋಳ ‘ ನೀನೆಲ್ಲಿ ಹೋಗುತ್ತಿದ್ದಿ?‘ ಎಂದು ಕೇಳಿತು. ‘ ನನ್ನನ್ನು ಇನ್ನು ಮೇಲಿನ ಸ್ವರ್ಗಕ್ಕೆ ಕಳಿಸುತ್ತಿದ್ದಾರೆ. ಬೈ ಬೈ ಎಂದು ಮೇಲೆ ಹೋಯಿತು ನರಿ.

## ತಿಂಗಳ ಕವನ

ಜನವರಿ ಎಂಬ ಜೀವನದಲ್ಲಿ
ಫೆಬ್ರವರಿ ಎಂಬ ಪ್ರೀತಿಯಲ್ಲಿ
ಮಾರ್ಚ್ ಎಂಬ ಮಮತೆಯಲ್ಲಿ
ಏಪ್ರಿಲ್ ಎಂಬ ಏಕಾಂತದಲ್ಲಿ

ಮೇ ಎಂಬ ಮಮಕಾರದಲ್ಲಿ
ಜೂನ್ ಎಂಬ ಜೋಕಾಲಿಯಲ್ಲಿ
ಜುಲೈ ಎಂಬ ಜಾಲಿಯಲ್ಲಿ
ಅಗಸ್ಟ್ ಎಂಬ ಅಗಸದಲ್ಲಿ

ಸಪ್ಟೆಂಬರ್ ಎಂಬ ಸವಿನೆನಪಿನಲ್ಲಿ
ಅಕ್ಟೋಬರ್ ಎಂಬ ಆಕಾಶದಲ್ಲಿ
ನವಂಬರ್ ಎಂಬ ನಕ್ಷತ್ರದಲ್ಲಿ
ದಸಂಬರ್ ಎಂಬ ಧನ್ಯವಾದದಲ್ಲಿ

ಅಜಯ್ ಕುಮಾರ್ 8B

## ಸಿಂಹ ಮತ್ತು ಇಲಿ

ಸಿಂಹವೊಂದು ಕಾಡಿನಲ್ಲಿ ವಾಸವಾಗಿತ್ತು. ಹಸಿವಿನಿಂದ ಬಳಲಿತ್ತು. ಒಂದು ಇಲಿಯನ್ನು ನೋಡಿತು. ಹಿಡಿದು ತಿನ್ನಲು ಹೋಯಿತು. ಇಲಿಯು ತನ್ನನ್ನು ತಿನ್ನದಿರಲು ಬೇಡಿತು. ಸಿಂಹವು ಕರುಣೆ ತೋರಿ ಬಿಟ್ಟಿತು. ಹಲವು ದಿನಗಳು ಕಳೆದವು. ಸಿಂಹ ಬಲೆಯಲ್ಲಿ ಬಿದ್ದಿತ್ತು. ಇಲಿಯು ಇದನ್ನು ನೋಡಿತು. ಬಲೆಯನ್ನು ಕಚ್ಚಿತು. ಸಿಂಹವನ್ನು ಬಿಡಿಸಿತು.

ನೀತಿ ಕಥೆ: ಅನ್ಯರಿಗೆ ತೋರಿದ ಕರುಣೆ ಎಂದೂ ವ್ಯರ್ಥವಾಗದು

ಪ್ರಿಯಾಂಶಿ ಎ **7B**

## ಅಜ್ಜಿಯ ಮನ

ರಜೆಯನ್ನು ಕಳೆಯಲು
ಅಮ್ಮನ ಜೊತೆಗೆ
ಅಜ್ಜಿಯ ಮನೆಗೆ ಹೋಗುವೆನು

ಸುತ್ತಲೂ ಇರುವ
ಮಕ್ಕಳ ಜೊತೆಗೆ
ಆಟವ ನಾನು ಆಡುವೆನು

ಆಟವ ಆಡುತ
ಊಟವ ಮರೆತರೆ
ಅಜ್ಜಿಯ ಜೋರು ಬಯ್ಯುವಳು

ಊಟವ ಮರೆತರೂ
ಬೈಗುಳ ತಿಂದರೂ
ಅಜ್ಜಿಯು ನನ್ನ ಸರ್ವಸ್ವ

ವಿಷ್ಣುಪ್ರಿಯ ಬಿ 8B

## ಪುಟ್ಟ ನವಿಲೇ

ಪುಟ್ಟ ಪುಟ್ಟ ನವಿಲೇ
ಚಿಕ್ಕ ಚಿಕ್ಕ ನವಿಲೇ
ಎಲ್ಲಿಗೆ ಹೊರಟಿರುವೆ
ಓ ನವಿಲೇ ಎಲ್ಲಿಗೆ ಹೊರಟಿರುವೆ
ಅಂದ ಚಂದ ತೋರುತ್ತಾ
ಬಳ್ಳಿ ಹಾಗೆ ಬಳುಕುತ್ತಾ
ಎಲ್ಲಿಗೆ ಹೊರಟಿರುವೆ
ಓ ನವಿಲೇ ಎಲ್ಲಿಗೆ ಹೊರಟಿರುವ
ಮಳೆರಾಯ ಬಂದಾಗ
ಇಳೆಯನ್ನು ತೊಯ್ದಾಗ
ಯಾರನ್ನು ನೋಡುತ್ತಿರುವೆ
ಓ ನವಿಲೇ ಯಾರನ್ನು
ನೋಡುತ್ತಿರುವೆ
ಗರಿಯನ್ನು ಬಿಚ್ಚೊಂಡು
ನಾಟ್ಯವನ್ನು ಮಾಡಿಕೊಂಡು
ಯಾರಿಗೆ ಕಾದಿರುವೆ ಓ ನವಿಲೇ
ಯಾರಿಗೆ ಕಾದಿರುವೆ

ಅಜಯ್ ಕುಮಾರ್ 8B

## ಮಳೆ ಹನಿ

ಮೊದಲ ಮಳೆ ಬಂದಾಗ
ಮಣ್ಣಿನ ಪರಿಮಳ ಚಂದ
ಮಳೆಯ ಹನಿ ಕೆನ್ನೆಗೆ ಮುಟ್ಟಿದಾಗ
ನಗುವು ಮುಖಕ್ಕೆ ಅಂದ
ತಂಗಾಳಿಯು ಮಳೆಗೆ ನೆನಪು
ಮೆಲ್ಲ ಮೆಲ್ಲ ಬಂದ

ಪ್ರಿಯಾಂಶಿ ಎ ***7B***

## ಒಗಟುಗಳು

ಬಂಗಾರದ ಗಿಣಿ ಬಾಗಿಲು ಕಾಯುತ್ತೆ

ಬೀಗದ ಕೈ

ಇಬ್ಬರು ಸೂಳೆಯರು ಕಣ್ಣಿಗೆ ಕಪ್ಪಿಲ್ಲದಿದ್ದರೆ ಅಳುತ್ತಾ ಹೋಗ್ತಾರೆ

ಎತ್ತಿನಗಾಡಿ

ಬಂಗಾರದ ಗುಬ್ಬಿ ಬಾಲದಲ್ಲಿ ನೀರು ಕುಡಿಯುವುದು

ದೀಪ

ಬೆಳಿಗ್ಗೆ ಬೀಳುತ್ತೆ ಸಂಜೆಗೆ ಏಳುತ್ತೆ

ಚಂದ್ರ

ಪ್ರಾಣವಿಲ್ಲ ಹಾರುತ್ತೆ, ಜೀವವಿಲ್ಲ ಕೂರುತ್ತೆ

ವಿಮಾನ

ಒಂಟಿಗಾಲಿನ ಕುಂಟು ನಾನ್ಯಾರು

ಬುಗುರಿ

ಹುಲಿಯ ಚಿಕ್ಕಮ್ಮ ಇಲಿಯ ಮುಕ್ಕಮ್ಮ

ಬೆಕ್ಕು

ಎಂಟು ಕಂಬಗಳಿಗೆ ಒಂದೇ ಆಧಾರ

ತಕ್ಕಡಿ


ಚಿಕ್ಕ ಮಕ್ಕಳಿಗೆ ಮೈ ತುಂಬ ಬಿಳಿ ಬಟ್ಟೆ

ಬೆಳ್ಳುಳ್ಳಿ

ಹಾರಿದರೆ ಹನುಮಂತ ಕೂತರೆ ಮುನಿ ಕೂಗಿದರೆ ಕಾಡಿನೊಡೆಯ

ಕಪ್ಪೆ

ದೀಪಶ್ರೀ ಎಂ ಎಸ್ ***6B***



ISBN 978-1-56581-231-4

9 781565 812314 52250 >